**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി & എ.സി/77525/2018** **തീയതി : 19/11/2018**

## സർക്കുലർ

**വിഷയം:** ഡി.എച്ച്.എസ്.ഇ-സി.ജി&എ.സി- സൗഹൃദ ദിനാചരണം- സ്കൂൾതല പരിപാടികൾ - സംബന്ധിച്ച്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അന്തർ ദേശീയ ശിശുദിനമായ നവംബർ 20 സൗഹൃദ ദിനമായി ആചരിക്കുന്നു. കൗമാരക്കാരുടെ ജീവിത വിജയത്തിൽ ജീവിത നിപുണതകളുടെ (Life Skills) പ്രാമുഖ്യം തിരിച്ചറിയിക്കുന്നതിനാണ് സൗഹൃദ ദിനം ലക്ഷ്യമിടുന്നത്. ജീവിത നൈപുണ്യങ്ങളുടെ ശാസ്ത്രീയമായ പഠനത്തിലൂടെ കൗമാരക്കാർക്ക് ബാല്യത്തിൽ നിന്നും യൗവ്വനത്തിലേക്കുളള വ്യക്തിത്വ വികസന പരിശീലനം ലഭിക്കുന്നു. അതു മുഖാന്തിരം സാമൂഹികവും മാനസികവുമായ വളർച്ച നേടാൻ കൗമാരക്കാർക്ക് കഴിയുന്നു. സൗഹൃദ ദിനാചരണത്തിന്റെ ഭാഗമായി ഓരോ സ്ക്കൂളിലും സൗഹൃദ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലോകാരോഗ്യ സംഘടന (WHO) തെരഞ്ഞെടുത്ത 10 ജീവിത നിപുണതകളുടെ സ്കിറ്റുകൾ/റോൾ പ്ലേകൾ സംഘടിപ്പിക്കേണ്ടതാണ്. ഓരോ ക്ലാസ്സും ഓരോ ജീവിത നിപുണതയെ അടിസ്ഥാനമാക്കി സ്ക്കിറ്റ് തയ്യാറാക്കേണ്ടതാണ്.

2018 നവംബർ 20 അവധി ദിനമാകയാൽ തൊട്ടടുത്ത പ്രവൃത്തി ദിനമായ നവംബർ 21 ന് സൗഹൃദ ദിനം ആചരിക്കുന്നതിനുളള നടപടികൾ സ്കൂൾ തലത്തിൽ കൈക്കൊളേളണ്ടതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് സ്കൂളിലെ എല്ലാ പ്ലസ് വൺ, പ്ലസ് ടൂ വിദ്യാർത്ഥികളും അദ്ധ്യാപകരെയും പങ്കെടുപ്പിച്ച് പ്രദേശത്തെ പ്രമുഖ വ്യക്തിയെ കൊണ്ടു സൗഹൃദ ദിനാചരണ ഉദ്ഘാടനം നിർവ്വഹിക്കേണ്ടതാണ്. സൗഹൃദ ദിനാഘോഷത്തിന്റെ. ഭാഗമായി സൗഹൃദ കോ-ഓർഡിനേറ്റർ 10 ജീവിത നിപുണതകളെക്കുറിച്ചും സംക്ഷിപ്തമായി അവതരിപ്പിക്കേണ്ടതാണ് തുടർന്ന് ഓരോ ക്ലാസ്സിലേയും തെരഞ്ഞെടുത്ത കുട്ടികൾ പത്തു ജീവിത നിപുണതകളിൽ ഒരു നിപുണതയെക്കുറിച്ച് സ്ക്കിറ്റ് അവതരിപ്പിക്കേണ്ടതും. ഓരോ സ്ക്കിറ്റ് അവതരണത്തിനു ശേഷവും പ്രസ്തുത ജീവിത നിപുണതയെ കുറിച്ച് സൗഹൃദ

കോ-ഓർഡിനേറ്റർ വിശദമാക്കേണ്ടതാണ്.പ്രിൻസിപ്പാളിന്റേയും സൗഹൃദ കോ-ഓർഡിനേറ്ററുടെയും നേതൃത്വത്തിൽ അധ്യാപകരുടെ പ്രത്യേക മീറ്റിംഗ് വിളിച്ചു കൂട്ടി സൗഹൃദ ദിനത്തിന്റെ സംഘാടനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഓരോ അധ്യാപകർക്കും സൗഹൃദ ദിനത്തിന്റെ വ്യത്യസ്ഥ ചാർജ്ജുകൾ ഏൽപ്പിക്കേണ്ടതുമാണ്.

. സ്കിറ്റുകൾ ജീവിത നിപുണതയുമായി ബന്ധപ്പെട്ടതാണെന്നു സൗഹൃദ കോ- ഓർഡിനേറ്റർ ഉറപ്പു വരുത്തേണ്ടതാണ്. സൗഹൃദ ദിനാഘോഷത്തിന്റെ ചെലവിനായി 1500/- രൂപ സൗഹൃദ പ്രവർത്തനങ്ങൾക്കുള്ള അലോട്ട്മെന്റിനോടൊപ്പം നൽകിയിട്ടുണ്ട്. പ്രസ്തുത തുക കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നതിനും സൗഹൃദ ദിനാഘോഷത്തിനായി വരുന്ന മറ്റ് ചെലവുകൾക്കും വിനിയോഗിക്കേണ്ടതാണ്.

സൗഹൃദ ക്ലബ്ബുകൾ ഇല്ലാത്ത സ്ക്കൂളുകളിൽ സൗഹൃദ ദിനാചരണവുമായി ബന്ധപ്പെട്ട് അന്നേ ദിവസം പ്രത്യേക അസംബ്ലി വിളിച്ചു കൂട്ടി ജീവിത നിപുണതകളെ (Life Skill) കുറിച്ച് പ്രത്യേകം വിശദാംശങ്ങൾ നൽകേണ്ടതാണ്.

**ഒപ്പ്**
**സ്റ്റേറ്റ് കോ-ഓർഡിനേറ്റർ(സി.ജി & എ.സി)**